# കഞ്ചിക്കോട്ട് പെപ്സിയും...

പഠനത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിൽ എനിക്ക് താമസിക്കേണ്ടതുണ്ടായിരുന്നു. അവിടെ ഇടയ്ക്ക് ശ്രദ്ധിച്ച ചില കാര്യങ്ങൾ- അട്ടപ്പാളത്ത് ഒരു പെപ്സി കമ്പനിയുണ്ട്. അത് ഒരു അഭിമാനസ്തംഭമായാണ് പഞ്ചായത്തധികൃതർ അവതരിപ്പിച്ചത്. പക്ഷേ ജനങ്ങൾക്കിടയിൽ എതിർപ്പുണ്ട്. പിന്നെ അവിടത്തെ കൃഷിയും വ്യവസായവും. കൃഷി മുക്കാലും നശിച്ചു. മലമ്പുഴയിൽ നിന്ന് വെള്ളവും, കമ്പനികളിൽ ചെറിയ ജോലികളും കൊണ്ട് ആളുകൾ സംതൃപ്തരാണ്. കുളങ്ങളെല്ലാം തന്നെ നികത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ പല കമ്പനികളും അടച്ചുപൂട്ടൽ നേരിടുന്നു. സമ്പന്നമായ ഒരു പഞ്ചായത്തും ദരിദ്രരായിക്കൊണ്ടിരിക്കുന്ന ജനങ്ങളും. ഇതാണ് സ്ഥിതി. കമ്പനികളിൽ ജോലി ചെയ്യുന്ന പെൺകുട്ടികൾ 15നും 25നും ഇടയിൽ പ്രായമുള്ളവരാണ്. അവരാകുമ്പോൾ പറയുന്നതെല്ലാം അനുസരിക്കുമല്ലോ? ജോലി ചെയ്യുന്ന സാഹചര്യവും വളരെ മോശമാണ്. അപകടകരവും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതും. ചില യുവാക്കൾ തീവ്രവാദത്തിലേക്ക് തിരിയാൻ ആഗ്രഹിക്കുന്നുണ്ട്. ഒക്കെ ഒരു കാഴ്ചക്കാരിയെ പോലെ കണ്ടുനിൽക്കാനെ കഴിഞ്ഞുള്ളു. എന്തെങ്കിലും ചെയ്യണ്ടേ?

*സ്മിത, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ക്യാമ്പസ്*